"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ അരുമാനൂർ എം.വി. ഹയർ സെക്കൻഡറി സ്കൂളിലെ ശ്രീ. ബിനീഷിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനാംഗീകാരം - മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4421/2024/GEDN തീയതി,തിരുവനന്തപുരം, 17-07-2024

---

പരാമർശം:-

1. 27/10/2023-ലെ സ.ഉ.(സാധാ) നം.6573/2023/പൊ.വി.വ. നമ്പർ ഉത്തരവ്
2. എം.വി.എച്ച്.എസ്.എസ്. മാനേജരുടെ 11.12.2023 തീയതിയിലെ റിവിഷൻ ഹർജ്ജി
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/5/2024 തീയതിയിലെ 89/24/ഇറ്റി4/ഡിജിഇ നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ അരുമാനൂർ എം.വി. ഹയർ സെക്കൻഡറി സ്കൂളിലെ എഫ്.ടി.എം. ശ്രീ.ബിനീഷിന്റെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 02.05.2015 മുതലുള്ള നിയമനാംഗീകാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മാനേജർ പരാമർശം (2) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജ്ജി സമർപ്പിച്ചിരുന്നു.

2. അരുമാനൂർ എം.വി. ഹയർ സെക്കൻഡറി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. ബിനുവിന് ക്ലാർക്കായി പ്രൊമോഷൻ നൽകിയ ഒഴിവിലാണ് എഫ്.ടി.എം. ആയിരുന്ന ശ്രീ. ബിനീഷിനെ ഓഫീസ് അറ്റൻഡന്റ് ആയി നിയമിച്ചതെങ്കിലും ടിയാന്റെ 07/06/2008 മുതൽ 31/05/2011 വരെയുള്ള എഫ്.ടി.എം നിയമനം ദിവസവേതനാടിസ്ഥാനത്തിൽ ആയതിനാൽ സീനിയോരിറ്റിക്ക് പരിഗണിക്കാനാവില്ല എന്ന കാരണത്താൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിയമനാംഗീകാരം നിരസിച്ചതായും എന്നാൽ സർക്കാരിന്റെ 27/10/2023-ലെ സ.ഉ.(സാധാ) നം.6573/2023/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലയളവിൽ ശ്രീ. ബിനീഷിന് സ്കെയിൽ ഓഫ് പേ അടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ച സാഹചര്യത്തിൽ കൂടെയുള്ള മറ്റ് രണ്ട് എഫ്.ടി.എം.-കാരേക്കാൾ ടിയാൻ സീനിയർ ആയിട്ടുള്ളതായും ആയതിനാൽ ശ്രീ. ബിനീഷിന്റെ 02/05/2015 മുതലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ പ്രമോഷന് അംഗീകാരം നൽകണമെന്നും മാനേജർ റിവിഷൻ പെറ്റിഷനിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.**

3. നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ അരുമാനൂർ എം.വി. എച്ച്.എസ്.എസ്.-ലെ മാനേജർ ശ്രീ.ബിനീഷ് ബി.എൽ.നെ 07/06/2008 മുതൽ എഫ്.ടി.എം ആയി നിയമിച്ചു. ടി നിയമനം 07/06/2008 മുതൽ 31/05/2011 വരെ ദിവസ വേതന അടിസ്ഥാനത്തിലും 01/06/2011 മുതൽ ശമ്പള സ്കെയിലും അനുവദിച്ചു നല്കി. ടി സ്കൂളിൽ ശ്രീ.ബിനീഷ് ബി.എൽ. 07/06/2008 മുതലും ശ്രീ.രഞ്ജിത് ആർ. 01/07/2010 മുതലും ശ്രീ.രജി വിത്സൺ 01/06/2011 മുതലും സേവനത്തിൽ പ്രവേശിച്ചുവെങ്കിലും മൂവർക്കും 01/06/2011 മുതൽ പാക്കേജിൽ ഉൾപ്പെടുത്തി ആണ് അംഗീകാരം ലഭിച്ചത്. തുടർന്ന് ശ്രീ.ബിനീഷ് തന്റെ 07/06/2008 മുതൽ 31/05/2011 വരെ ദിവസ വേതന അടിസ്ഥാനത്തിലുള്ള നിയമനം ശമ്പള സ്കെയിലിൽ ലഭിക്കുന്നതിലേക്കായി സർക്കാരിൽ അപേക്ഷ സമർപ്പിക്കയും പരാമർശം 1 പ്രകാരം 07/06/2008 മുതൽ 31/05/2011 വരെ ദിവസ വേതന നിയമനം ശമ്പള സ്കെയിലിൽ അനുവദിച്ചു ഉത്തരവാകുകയും ചെയ്തു. അതുപ്രകാരം മാനേജർ സമന്വയ മുഖേന അപേക്ഷ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തു. നിലവിൽ ടിയാന്റെ 07/06/2008 മുതൽ 31/05/2011 വരെ ദിവസ വേതന നിയമനം ശമ്പള സ്കെയിലിൽ അനുവദിച്ച് നല്കുന്നതോടുകൂടി ടിയാൻ സീനിയോരിറ്റി ലിസ്റ്റിൽ ഒന്നാമതാവുന്നതാണ്. അരുമാനൂർ എം.വി.എച്ച്.എസ്.എസിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ. ബിനുവിനെ ക്ലാർക്ക് ആയി സ്ഥാനകയറ്റം നൽകിയ ഒഴിവിൽ ടി സ്കൂളിലെ എഫ്.ടി.എം ആയിരുന്ന ശ്രീ.ബിനീഷ് ബി.എൽ.നെ 01/07/2014 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സ്ഥാനകയറ്റം നൽകി നിയമിച്ചു. ശ്രീ.ബിനുവിന്റെ ക്ലാർക്ക് ആയുള്ള സ്ഥാനകയറ്റ നിയമനം നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ B6/36272/2015 നമ്പർ ഉത്തരവിലൂടെ 02/05/2015 മുതൽ പ്രാബല്യത്തിൽ അംഗീകരിച്ചു നൽകി. പ്രസ്തുത സാഹചര്യത്തിൽ തസ്തിക വ്യവസ്ഥാപിതമാണ്. അതിനാൽ ശ്രീ.ബിനീഷിന്റെ ഓഫീസ് അറ്റൻഡന്റ് ആയുള്ള സ്ഥാനക്കയറ്റ നിയമനവും 02/05/2015 മുതൽ അംഗീകരിക്കാവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.**

4. അരുമാനൂർ എം.വി.ഹയർ സെക്കണ്ടറി സ്കൂളിലെ എഫ്.ടി.എം. ശ്രീ. ബിനീഷ്.ബി.എൽ.-ന്റെ ഓഫീസ് അറ്റൻഡന്റായുള്ള സ്ഥാനക്കയറ്റ നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ 02/05/2015 മുതൽ അംഗീകരിക്കുന്നതിന് നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തി, അപ്രകാരം മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി, ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

മാനേജർ, എം.വി.എച്ച്.എസ്.എസ്. അരുമാനൂർ, അരുമാനൂർ പി.ഒ., തിരുവനന്തപുരം-695 525
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, നെയ്യാറ്റിൻകര
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Resmi Babu
Date: 17-07-2024 11:21:54
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.